# കേരളത്തിൽ 55,167 എച്ച്.ഐ.വി അണുബാധിതർ

**കേ**രളത്തിൽ എച്ച്ഐവി അണുബാധിതരും എയ്ഡ്സ് ബാധിതരുമായി 55,167 പേർ. ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ പുറത്തു വിട്ട 2007 ലെ കണക്കുപ്രകാരമാണിത്. ഇന്ത്യയിലൊട്ടാകെ 2.31 ദശലക്ഷം എച്ച്ഐവി അണുബാധിതരുണ്ടെന്നാണ് പുതിയ കണക്ക്.

മുതിർന്നവർക്കിടയിൽ കേരളത്തിൽ 0.26 ശതമാനമാണ് എച്ച്ഐവി അണുബാധ. രാജ്യത്തൊട്ടാകെ ഇത് 0.34 ശതമാനമാണ്.

പുതുക്കിയ മാനദണ്ഡങ്ങൾ ഉപയോഗിച്ചാണ് 2007 മുതൽ എച്ച്ഐവി അണുബാധ നിർണയ സർവേ നടത്തുന്നത്. 2006 ൽ കേരളത്തിൽ 0.13 ശതമാനം മാത്രമാണ് എച്ച്ഐവി. അണുബാധയെന്നായിരുന്നു കണക്ക്. എന്നാൽ പുതുക്കിയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് 2006 ലെ സർവേ ഫലങ്ങൾ വിലയിരുത്തിയപ്പോൾ അണുബാധിതർ 0.30 ശതമാനമായി മാറി. യഥാർത്ഥത്തിൽ കേരളത്തിൽ എച്ച്ഐവി അണുബാധിതരുടെ എണ്ണത്തിൽ കുറവുണ്ടായതായി സർവേ ഫലം വെളിപ്പെടുത്തുന്നു.

കേരളത്തിൽ എച്ച്ഐവി അണുബാധ നിർണയ സർവേ നടത്തിയത് 2007 ഒക്ടോബർ മുതൽ 2008 ജനുവരി വരെയുള്ള കാലയളവിലാണ്. സംസ്ഥാനത്തെ 26 കേന്ദ്രങ്ങളിൽ നിന്നുള്ള രക്തസാമ്പിളുകളാണ് പരിശോധിച്ചത്. അണുബാധയ്ക്കു സാധ്യത കൂടുതലുള്ള വിഭാഗങ്ങളിൽ, മയക്കുമരുന്നു കുത്തിവയ്ക്കുന്നവർക്കിടയിലൊഴികെ മറ്റു വിഭാഗങ്ങളിലെല്ലാം അണുബാധയുടെ നിരക്ക് വളരെ കുറവാണെന്നു കാണാം. മയക്കു മരുന്നു കുത്തിവയ്ക്കുന്നവർക്കിടയിൽ അണുബാധിതർ 7.96 ശതമാനമാണ്. ട്രക്ക് ഡ്രൈവർമാർക്കിടയിൽ ഒരു കേന്ദ്രത്തിൽ മാത്രം നടത്തിയ പരിശോധനയിൽ 3.60 ശതമാനമാണ് അണുബാധാനിരക്ക്. സ്ത്രീലൈംഗികത്തൊഴിലാളികൾക്കിടയിൽ ഇത് 0.40 ശതമാനവും പുരുഷലൈംഗികത്തൊഴിലാളികൾക്കിടയിൽ 1.20 ശതമാനവുമാണ്.

അണുബാധാ സാധ്യത കുറഞ്ഞ വിഭാഗങ്ങൾക്കിടയിലും വളരെ കുറഞ്ഞ നിരക്കിൽ മാത്രമേ എച്ച്ഐവി അണുബാധയുള്ളു എന്നാണ് മനസിലാക്കേണ്ടത്. ഈ വിഭാഗത്തിൽ 0.38 ശതമാനം മാത്രമാണ് അണുബാധിതരെന്നാണ് കണക്കുകൾ കാണിക്കുന്നത്. ജനനേന്ദ്രിയരോഗ നിവാരണ കേന്ദ്രങ്ങളിൽ നിന്നുള്ള പരിശോധനയിൽ 1.60 ശതമാനം അണുബാധ കണ്ടെത്തി.

കേരളത്തിൽ ആദ്യത്തെ എച്ച്ഐവി കേസ് റിപ്പോർട്ട് ചെയ്യപ്പെടുന്നത് 1987 ലാണ്. ദേശീയതലത്തിൽ എച്ച്ഐവി അണുബാധ നിർണയ സർവേയോടൊപ്പം കേരളത്തിലും ആദ്യമായി സർവേ നടക്കുന്നത് 1998ലാണ്. തുടക്കത്തിൽ നാലു പ്രസവകേന്ദ്രങ്ങളിൽ നിന്നും അഞ്ചു ജനനേന്ദ്രിയ രോഗ നിവാരണ കേന്ദ്രങ്ങളിൽ നിന്നുമുള്ള സാമ്പിളുകളുടെ അടിസ്ഥാനത്തിലാണ് സർവേ നടത്തിയിരുന്നത്. പിന്നീട് കൂടുതൽ വിഭാഗങ്ങളെയും കൂടുതൽ കേന്ദ്രങ്ങളെയും ഉൾപ്പെടുത്തുകയായിരുന്നു. നിലവിൽ എല്ലാ ജില്ലകളിലെയും കേന്ദ്രങ്ങളിൽ നിന്നുള്ള സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. എച്ച്ഐവിക്കെതിരായ പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് വിവിധ പ്രതിരോധ പ്രവർത്തനങ്ങൾക്കു രൂപം നൽകുന്നതിനാണ് എച്ച്ഐവി അണുബാധിതരേക്കുറിച്ചുള്ള കണക്കുകൾ ശേഖരിക്കുന്നത്. ഏതായാലും കേരളത്തിൽ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിജയം കാണുന്നുവെന്നാണ് കണക്കുകൾ കാണിക്കുന്നത്.

### എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണം

## ആകാശവാണിയിലൂടെ വിവിധ പരിപാടികൾ

**എച്ച്**ഐവി/എയ്ഡ്സ് നിയന്ത്രണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് ആകാശവാണി പ്രക്ഷേപണം ചെയ്യുന്ന വിവിധ പരിപാടികൾക്കു തുടക്കം കുറിച്ചു. തേജസ്വിനി എന്ന പേരിൽ വനിതകൾക്കായുള്ള പ്രത്യേക പരിപാടിയും യുവാക്കൾക്കായുള്ള പ്രത്യേക പരിപാടിയായ യൂത്ത് ട്രാക്കും ആരംഭിച്ചു. കൂടാതെ ചലച്ചിത്രഗാനങ്ങൾ ഉൾപ്പെടുത്തിയുള്ള പൂന്തേനരുവി ആഴ്ചയിൽ ഒരു ദിവസം പ്രത്യേക എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണ പരിപാടിയായി അവതരിപ്പിക്കുകയാണ്. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയാണ് ഈ പരിപാടികൾ പ്രേക്ഷകരിലേക്ക് എത്തിക്കുന്നത്.

എല്ലാ ചൊവ്വാഴ്ചയും ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.00 വരെയാണ് തേജസ്വിനി പ്രക്ഷേപണം ചെയ്യുന്നത്. ശനിയാഴ്ചകളിൽ രാത്രി 7.30 മുതൽ എട്ടു വരെയാണ് യൂത്ത് ട്രാക്ക്. എച്ച്ഐവിയേക്കുറിച്ചും എയ്ഡ്സിനേക്കുറിച്ചുമുള്ള ശരിയായ ബോധവത്കരണത്തിനു സഹായിക്കുന്ന തരത്തിലാണ് ഇരുപരിപാടികളും ഒരുക്കിയിരിക്കുന്നത്.

വിദഗ്ധരുമായുള്ള അഭിമുഖങ്ങൾ, സംശയങ്ങൾക്കുള്ള മറുപടികൾ, കൗൺസലർമാരുമായുള്ള അഭിമുഖങ്ങൾ, എച്ച്ഐവി അണുബാധിതരുടെ അനുഭവ വിവരണങ്ങൾ എന്നിവയെല്ലാം ഉണ്ടാകും. കൂടാതെ രചനാമത്സരങ്ങൾ, ക്വിസ് തുടങ്ങിയവയും സമ്മാന പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഫോൺ ഇൻ പരിപാടിയായ പൂന്തേനരുവിയിലൂടെ ചലച്ചിത്രഗാനങ്ങളാണ് കേൾപ്പിക്കുന്നത്. ഈ പരിപാടിക്കിടെ എയ്ഡ്സ് ബോധവത്കരണ പരിപാടികൾ കൂടി കോർത്തിണക്കിക്കൊണ്ടുള്ള പ്രോഗ്രാമായാണ് അവതരിപ്പിക്കുന്നത്.

തിരുവനന്തപുരം നിലയത്തിൽ വ്യാഴാഴ്ചകളിൽ ഉച്ചകഴിഞ്ഞ് ഒന്നു മുതൽ രണ്ടു വരെയും തൃശൂരിൽ ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് ഒന്നു മുതൽ രണ്ടു വരെയും മഞ്ചേരിയിൽ വൈകുന്നേരം നാലു മുതൽ അഞ്ചു വരെയും ദേവികുളത്ത് വൈകിട്ട് 7.35 മുതൽ 8.30 വരെയും കോഴിക്കോട് നിലയത്തിൽ തിങ്കളാഴ്ചകളിൽ ഉച്ചയ്ക്ക് ഒന്നു മുതൽ രണ്ടു വരെയും കൊച്ചിയിൽ ഉച്ചകഴിഞ്ഞ് രണ്ടു മുതൽ മൂന്നു വരെയും കണ്ണൂർ നിലയത്തിൽ ബുധനാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 വരെയുമാണ് പൂന്തേനരുവിയുടെ പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്യുന്നത്.

ശ്രോതാക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ശ്രോതാക്കളുടെ ആവശ്യങ്ങൾക്കനുസരിച്ച് പരിപാടിയുടെ ഉള്ളടക്കം ക്രമീകരിക്കാൻ ഇതുവഴി സാധിക്കുന്നു. ഒപ്പം ശ്രോതാക്കൾക്ക് വിവിധ സമ്മാനങ്ങൾ ലഭിക്കുവാനുള്ള അവസരവുമുണ്ട്.

## കരിമ്പനകളുടെ നാട്ടിലേക്ക് ലൈഫ് ബസ്

**ലൈഫ്** ബസിന്റെ പാലക്കാടു ജില്ലയിലെ പ്രചാരണയാത്ര ആലത്തൂർ ദേശീയ മൈതാനിയിൽ എം. ചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്തു.

എയ്ഡ്സ് ബാധിതരെ സമൂഹത്തിൽ നിന്ന് അകറ്റി നിർത്താതെ അവരെ സംരക്ഷിക്കാൻ സമൂഹം തയാറാകണമെന്ന് അദ്ദേഹം പറഞ്ഞു. ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. നാരായണൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ആരോഗ്യകേരളം റീജണൽ പ്രോഗ്രാം മാനേജർ ഡോ. ടി.കെ. കുട്ടമണി മുഖ്യാതിഥിയായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. സി.ആർ. കരുണാകരൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. രാജൻ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി യൂത്ത് കോർഡിനേറ്റർ നിജോ, രാജീവ് യൂത്ത് ഫൗണ്ടേഷൻ സുരക്ഷാ പ്രോജക്ട് ഡയറക്ടർ റഷീദ് പറമ്പൻ തുടങ്ങിയവർ പ്രസംഗിച്ചു.

നെഹ്റു യുവകേന്ദ്രയുടെ ആഭിമുഖ്യത്തിൽ ഒമ്പതു കലാകാരന്മാരടങ്ങുന്ന സംഘം നാടൻപാട്ടുകൾ ആലപിച്ചു. തുടർന്ന് എച്ച്ഐവി അണുബാധിതയായ ലക്ഷ്മി തന്റെ അനുഭവങ്ങൾ പൊതുജനങ്ങളുമായി പങ്കുവച്ചു. തിരുവനന്തപുരം സ്വദേശിയായ അജിത്തും സംഘവും മാജിക് പരിപാടിയുമായി ലൈഫ് ബസിനൊപ്പമുണ്ട്. ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 48 ഗ്രാമങ്ങളിലാണ് ലൈഫ് ബസ് പ്രചാരണം നടത്തുന്നത്.

Printed & Published by Project Director, Kerala State AIDS Control Society (Dept. of Health and Family Welfare, Government of Kerala, Thiruvananthapuram - 35, www.ksacs.in
keralasacs@gmail.com, Ph: +91 471 2304882, 2330404, 2303763, Fax: +91 471 2305183. HIV/AIDS Telecounselling No: 0484 2237020. For private circulation only.

KSACS
ആരോഗ്യ വകുപ്പ്
കേരള സർക്കാർ

# അറിയുക

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ വാർത്താപത്രിക

Volume 3 Issue 12 November 2008

# ലൈഫ് ബസ് ഗ്രാമങ്ങളിൽ




- എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ പുത്തൻ പ്രചാരണ രീതി
- ഗ്രാമാന്തരങ്ങളിൽ വരെയെത്തുന്ന ലൈഫ് ബസ് പ്രചാരണം
- ആദ്യഘട്ടത്തിൽ കാസർഗോഡ്, പാലക്കാട്, തൃശൂർ, എറണാകുളം ജില്ലകളിൽ
- 61 ദിവസം കൊണ്ട് 183 കേന്ദ്രങ്ങളിൽ എത്തുന്നു
- എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ അവബോധം ലക്ഷക്കണക്കിനു ജനങ്ങളിലേക്കെത്തുന്നു
- പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും മാധ്യമ പ്രവർത്തകർക്കുമായി പരിശീലന പരിപാടി

## പത്രാധിപക്കുറിപ്പ്

# സുരക്ഷിതമായ പാതയിലൂടെ നമുക്കു നീങ്ങാം

രളത്തിലെ എച്ച്ഐവി അണുബാധിതരെ സംബന്ധിച്ചുള്ള ഏറ്റവും ഒടുവിലത്തെ കണക്കുകൾ പുറത്തു വന്നിട്ടുണ്ട്. ഏതാണ്ട് അരലക്ഷത്തിലേറെ അണുബാധിതർ കേരളത്തിലുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്.

രാജ്യത്തെ മൊത്തം സ്ഥിതി പരിശോധിച്ചാൽ കേരളത്തിൽ അണുബാധിതരുടെ സാന്ദ്രത കുറവാണ്. മുൻവർഷങ്ങളെ അപേക്ഷിച്ചു നോക്കിയാലും എച്ച്ഐവി അണുബാധിതരുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

എച്ച്ഐവി, എയ്ഡ്സ് പ്രതിരോധ രംഗത്ത് നമ്മുടെ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നുണ്ടെന്നാണ് ഇതുകാണിക്കുന്നത്. എന്നാൽ എച്ച്ഐവിക്കെതിരായ ജാഗ്രത തുടർന്നേ പറ്റൂ. കാരണം ഇപ്പോഴും അരലക്ഷത്തിലേറെപ്പേർ എച്ച്ഐവി അണുവാഹകരായി നമുക്കു ചുറ്റുമുണ്ട്. അതുപോലെ തന്നെ എച്ച്ഐവി അണുബാധ പിടിപെടാൻ സാധ്യത കൂടുതലുള്ള വിഭാഗങ്ങളും സമൂഹത്തിൽ ഇപ്പോഴുമുണ്ട്.

ഈ സാഹചര്യത്തിൽ പ്രചാരണ, ബോധവത്കരണ പ്രവർത്തനങ്ങൾ അതിശക്തമായി മുന്നോട്ടു പോകേണ്ടതുണ്ട്. റെഡ് റിബൺ എക്സ്പ്രസ് പര്യടനത്തിലൂടെ ഇത്തരം ബോധവത്കരണ പ്രവർത്തനങ്ങളുടെ ചരിത്രത്തിൽ നമ്മൾ പുതുമ സൃഷ്ടിക്കുകയായിരുന്നു. മാത്രമല്ല, എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ അവബോധം വൻതോതിൽ വളർത്തിയെടുക്കാൻ റെഡ് റിബൺ എക്സ്പ്രസ് സഹായിച്ചുവെന്നാണ് ശാസ്ത്രീയഅപഗ്രഥനങ്ങൾ വെളിപ്പെടുത്തിയത്.

എന്നാൽ റെഡ് റിബൺ എക്സ്പ്രസിന്റെ ബോധവത്കരണ പ്രവർത്തനങ്ങൾ ഒരു പരിധി വരെ പട്ടണങ്ങളിലും നഗരങ്ങളിലും ഒതുങ്ങി നിന്നു എന്നതു വസ്തുതയാണ്. ഈ സാഹചര്യത്തിലാണ് ഉൾനാടൻ ഗ്രാമങ്ങളിൽ വരെയെത്തുന്ന ബോധവത്കരണ പ്രവർത്തനത്തേക്കുറിച്ച് ആലോചനയുണ്ടായതും ലൈഫ് ബസ് എന്ന ആശയത്തിനു രൂപം കൊടുത്തതും.

കേരളത്തിൽ ആദ്യഘട്ടത്തിൽ നാലു ജില്ലകളിലാണ് ലൈഫ് ബസ് പര്യടനം നടത്തുന്നത്. സാധാരണക്കാരിലേക്കും എച്ച്ഐവി അണുബാധയ്ക്കു സാധ്യത കൂടുതലുള്ള ജനവിഭാഗങ്ങളിലേക്കും വ്യക്തമായ ആശയപ്രചാരണം നടത്താൻ ഉപകരിക്കുന്ന തരത്തിലാണ് ലൈഫ് ബസിന്റെ പ്രചാരണ രീതികൾക്കു രൂപം നൽകിയിരിക്കുന്നത്.

നാലു ജില്ലകളിലായി 183 കേന്ദ്രങ്ങളിൽ ലൈഫ് ബസ് പര്യടനം പൂർത്തിയാക്കുമ്പോൾ ലക്ഷക്കണക്കിനു ജനങ്ങളിലേക്ക് ഈ ആശയം എത്തിക്കുവാൻ സാധിക്കുമെന്നാണ് വിശ്വസിക്കുന്നത്. എച്ച്ഐവിയുടെയും എയ്ഡ്സിന്റെയും ഭീഷണിയിൽ നിന്ന് നമ്മുടെ സമൂഹത്തെ മുക്തമാക്കാൻ ലൈഫ് ബസ് കാര്യമായ സംഭാവന നൽകുമെന്ന് പ്രത്യാശിക്കുന്നു.

**ഡോ. ഉഷ ടൈറ്റസ് ഐഎഎസ്**
പ്രോജക്ട് ഡയറക്ടർ

# പുത്തനറിവുകളുമായി തൃശൂരിൽ ലൈഫ് ബസ്

**നാ**ടൻകലാസംഘങ്ങളും വാദ്യഘോഷങ്ങളുമായെത്തിയ ലൈഫ് ബസ് നഗരത്തിനു പുത്തനുണർവായി. എച്ച്ഐവിക്കും എയ്ഡ്സിനുമെതിരേ പ്രതിരോധവുമായി ലൈഫ് ബസ് കലാപ്രകടനങ്ങളിലൂടെ പുത്തനറിവുകൾ പകർന്നു കൊണ്ട് ഗ്രാമയാത്ര ആരംഭിച്ചു.

തൃശൂരിലെ ഗ്രാമാന്തരങ്ങളിൽ പതിനേഴു ദിവസത്തെ തുടർച്ചയായ പ്രചാരണ പരിപാടികൾ നടത്തുന്ന ലൈഫ് ബസിന്റെ ബോധവത്കരണ പരിപാടികളുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അമ്പാടി വേണു നിർവഹിച്ചു. തൃശൂർ കോർപറേഷൻ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.ജി. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. ജില്ലാ കളക്ടർ ഡോ. വി.കെ. ബേബി മുഖ്യാതിഥിയായിരുന്നു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വി. ദിനകരൻ, ജില്ലാ ടി.ബി ഓഫീസർ ഡോ. റീന, ജില്ലാ ആർ.സി. എച്ച് ഓഫീസർ ഡോ. ശ്രീദേവി, ഡോ. നന്ദിനി, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി കൺസൾട്ടന്റ് (മെയിൻസ്ട്രീമിംഗ്) ജി. സുനിൽ കുമാർ, ഡപ്യൂട്ടി ഡി.എം.ഒ ഡോ. പി.ജെ. അലോഷ്യസ് എന്നിവർ പ്രസംഗിച്ചു.

നാലു വർഷമായി എച്ച്ഐവി അണുബാധിതനായ വിനോദ് നടത്തിയ അനുഭവവിവരണം ശ്രദ്ധേയമായി. സർക്കാർ ആശുപത്രിയിൽ ലഭിച്ച വിദഗ്ധ ചികിത്സമൂലം തനിക്ക് മറ്റുള്ളവരേപ്പോലെ ജോലിയെടുത്തു ജീവിക്കാൻ സാധിക്കുന്നുണ്ടെന്നു വിനോദ് പറഞ്ഞു. ജില്ലാ ആശുപത്രിയിലെ ജ്യോതിസ് കേന്ദ്രത്തിൽ വിദഗ്ധ പരിശോധനയ്ക്ക് അവസരം ലഭിച്ചു. മറ്റു രോഗങ്ങൾ തടയാനും പൂർണമായ ചികിത്സ ലഭിക്കുവാനുമെല്ലാം ഉഷസ് കേന്ദ്രവും പ്രത്യാശ കേന്ദ്രവുമൊക്കെ സഹായിക്കുന്നു. 65 കിലോ തൂക്കമുണ്ടായിരുന്ന തനിക്ക് എച്ച്ഐവി അണുബാധിതനായതിനേത്തുടർന്ന് 38 കിലോ ആയി കുറഞ്ഞു. പിന്നീട് വിദഗ്ധ ചികിത്സ കിട്ടിയതിനേത്തുടർന്ന് ഇപ്പോൾ 63 കിലോഗ്രാം തൂക്കമുണ്ട്. ആദ്യകാലത്ത് വീട്ടുകാരിൽ നിന്ന് ഒറ്റപ്പെടുത്തലുണ്ടായി. എന്നാൽ ഇപ്പോൾ വീട്ടുകാർ മുമ്പെന്ന പോലെ നന്നായി സഹകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. മാതാപിതാക്കളോടൊപ്പം താമസിച്ച് കൃത്യമായി മരുന്നു കഴിച്ചു നന്നായി ജോലി ചെയ്താണു ജീവിക്കുന്നതെന്ന് വിനോദ് പറഞ്ഞു. വിനോദുമായി ആശയവിനിമയം നടത്താൻ പൊതുജനങ്ങൾക്ക് അവസരം നൽകി. കുന്ദംകുളത്തിനടുത്ത് കരിക്കാട്ടെ നാടൻ പാട്ടുസംഘം നാടൻപാട്ട് അവതരിപ്പിച്ചു കൊണ്ടാണ് ജനങ്ങളെ ആകർഷിച്ചത്. കരുനാഗപ്പള്ളിയിലെ നാട്ടരങ്ങ് നടത്തിയ തെരുവുനാടകം എച്ച്ഐവി, എയ്ഡ്സ് ബോധവത്കരണത്തിലൂന്നിയുള്ളതായിരുന്നു. സുരക്ഷിതമായ ലൈംഗികബന്ധം, രക്തം സ്വീകരിക്കുമ്പോഴുള്ള സുരക്ഷിതത്വം എന്നിവ ഉറപ്പാക്കണമെന്ന് നാടകത്തിലൂടെ അവർ ജനങ്ങളെ ഓർമിപ്പിച്ചു.

## എറണാകുളത്ത് 45 കേന്ദ്രങ്ങളിൽ

**ലൈ**ഫ് ബസിന്റെ എറണാകുളം ജില്ലാതല ഉദ്ഘാടനം മരട് കൊട്ടാരം ശ്രീനാരായണപാർക്കിൽ വൈറ്റില ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.പി. ആൻറണി മാസ്റ്റർ നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് കുമ്പളം രാജപ്പൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

ആലുവയിലെ സചേതന നാടൻ കലാഗവേഷണ കേന്ദ്രത്തിന്റെ നാടൻപാട്ടോടെയാണ് നാട്ടുകാർ ലൈഫ് ബസിന്റെ വരവറിയുന്നത്. അരമണിക്കൂർ നീളുന്ന നാടൻ പാട്ടിന്റെ ഒടുവിൽ ലൈഫ് ബസ് എത്തിച്ചേരും. തുടർന്ന് മാന്ത്രികൻ ജെ. പി. അജിത്തിന്റെ മാജിക് ഷോ. എച്ച്ഐവിയെയും എയ്ഡ്സിനെയും പ്രതിരോധിക്കുന്നതിനുള്ള മാർഗങ്ങൾക്കൊപ്പം എച്ച്ഐവി അണുബാധിതരെ സമൂഹത്തിൽ ഒറ്റപ്പെടുത്തരുതെന്ന സന്ദേശവും മാന്ത്രികൻ നൽകുന്നു.

ശൂന്യമായ വേദിയിൽ കൈകൾ വീശിയപ്പോൾ 'ജീവിക്കൂ... ജീവിക്കാൻ അനുവദിക്കൂ' എന്ന സന്ദേശം പ്രത്യക്ഷപ്പെട്ടു. എച്ച്ഐവി അണുബാധിതനായ തിരുവനന്തപുരം സ്വദേശി ജയചന്ദ്രൻ സദസിലുള്ളവരുമായി സ്വന്തം അനുഭവം വിവരിച്ചു. സദസ്യരുമായി ആശയവിനിമയത്തിനുള്ള അവസരവും ഉണ്ടായിരുന്നു. കൂടാതെ ഗർഭനിരോധന ഉറയുടെ പ്രചാരണാർഥമുള്ള പരിപാടികളും അരങ്ങേറി.

ഉദ്ഘാടനപരിപാടിയിൽ കുമ്പളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി.കെ. പദ്മനാഭൻ, വൈറ്റില ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.എസ്. രാധാകൃഷ്ണൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ആന്റണി ആശാംപറമ്പിൽ, ബ്ലോക്ക് പഞ്ചായത്ത് അംഗം ബിന്ദു സുബ്രഹ്മണ്യൻ, മരട് ഗ്രാമപഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പി.കെ. രാജു, അംഗം അജിത നന്ദകുമാർ, എറണാകുളം ജില്ലാ പഞ്ചായത്ത് അംഗം സുധാംബിക ടീച്ചർ, കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നോഡൽ ഓഫീസർ വേണുഗോപാൽ, ഡി.എൽ.ഒ ഡോ. വി.വി. വീനസ്, ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ. എ. പാർവതി, വൈറ്റില ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സി.വി. രാധാകൃഷ്ണൻ, സിഡി.എസ് ചെയർപേഴ്സൺ സാജിത ബഷീർ തുടങ്ങിയവർ പ്രസംഗിച്ചു.







# എച്ച്ഐവിക്കും എയ്ഡ്സിനുമെതിരേ ലൈഫ് ബസ്

**എ**ച്ച്ഐവിക്കും എയ്ഡ്സിനുമെതിരേ പ്രതിരോധമുയർത്തിക്കൊണ്ട് കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിലേക്ക് ലൈഫ് ബസ് എത്തി. കാസർഗോഡ്, പാലക്കാട്, തൃശൂർ, എറണാകുളം എന്നീ ജില്ലകളിലായി 61 ദിവസം കൊണ്ട് 183 കേന്ദ്രങ്ങളിലാണ് ലൈഫ് ബസ് എത്തിച്ചേരുക. ജനുവരി 16നാണ് യാത്ര ആരംഭിച്ചത്.

എയ്ഡ്സിനെതിരെയുള്ള പ്രചാരണ സാമഗ്രികളുമായി എത്തുന്ന ലൈഫ് ബസ് എന്നു പേരിട്ടിരിക്കുന്ന ബസ് ആണ് ഈ പ്രചാരണ പരിപാടിയുടെ മുഖ്യഘടകം. ഓരോ ഗ്രാമത്തിലെയും തെരഞ്ഞെടുക്കപ്പെട്ട വേദികളിൽ ബസ് എത്തുന്നതിനു മുമ്പു തന്നെ നെഹ്റു യുവകേന്ദ്രയുടെ നേതൃത്വത്തിലുള്ള കലാസംഘങ്ങൾ എത്തി കലാപരിപാടികൾ നടത്തി ജനങ്ങളെ പ്രചാരണ പരിപാടിയിലേക്ക് ആകർഷിക്കും. ബസ് എത്തിയതിനു ശേഷം കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കലാസംഘങ്ങൾ എച്ച്ഐവിയേക്കുറിച്ചും എയ്ഡ്സിനേക്കുറിച്ചും അവബോധം നൽകുന്ന വിവിധ കലാപരിപാടികൾ അവതരിപ്പിക്കും. പെൺഭ്രൂണഹത്യയ്ക്കെതിരേ പ്രതികരിക്കുന്നതിനൊപ്പം രക്തദാനത്തിന്റെ മഹത്വം, എയ്ഡ്സ് ബാധിതരോടുള്ള മനോഭാവം, അവർക്കായുള്ള സേവനകേന്ദ്രങ്ങൾ തുടങ്ങിയ കാര്യങ്ങൾ മുതൽ മുലപ്പാലിന്റെ മഹത്വം വരെ വിളിച്ചറിയിക്കുന്ന സന്ദേശങ്ങളുൾക്കൊള്ളിച്ചു കൊണ്ടാണ് കലാപരിപാടികൾ രൂപകൽപന ചെയ്തിരിക്കുന്നത്.

തുടർന്ന് എച്ച്ഐവി അണുബാധിതനായ ഒരു വ്യക്തി സ്വന്തം അനുഭവങ്ങൾ വിവരിച്ചു കൊണ്ട് സംസാരിക്കും. പൊതുജനങ്ങൾക്ക് ആശയവിനിമയത്തിനും അവസരം ലഭിക്കും.

എച്ച്ഐവി അണുബാധിതരോടും എയ്ഡ്സ് ബാധിതരോടുമുള്ള സാമൂഹ്യനിന്ദയും വിവേചനവും ഇല്ലാതാക്കുക, അണുബാധ ഒഴിവാക്കുന്നതിനുള്ള മാർഗങ്ങളേക്കുറിച്ച് വ്യക്തമായ ധാരണ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് ലൈഫ് ബസ് യാത്ര ആസൂത്രണം ചെയ്തിരിക്കുന്നത്.

ഓരോ ദിവസവും രാവിലെ 10 മണി, ഉച്ചകഴിഞ്ഞ് രണ്ടു മണി, വൈകുന്നേരം അഞ്ചു മണി എന്നീ സമയങ്ങളിൽ മൂന്നു കേന്ദ്രങ്ങളിലാണ് പരിപാടി സംഘടിപ്പിക്കുന്നത്.

റെഡ് റിബൺ എക്സ്പ്രസ് എന്ന പേരിൽ പ്രത്യേക തീവണ്ടി ഇന്ത്യയിലുടനീളം യാത്ര ചെയ്ത് എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കേരളത്തിൽ 2008 ജൂൺ 28 മുതൽ 12 ദിവസമായി നടത്തിയ ബോധവത്കരണ യാത്രയിൽ പതിനായിരക്കണക്കിനാളുകൾ പ്രദർശനം കണ്ടു. ഈ പരിപാടിയുടെ വിജയമാണ് ഉൾനാടൻ ഗ്രാമങ്ങളിൽ വരെയെത്തുന്ന ലൈഫ് ബസ് പ്രചാരണ പരിപാടി സംഘടിപ്പിക്കാൻ ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷനു പ്രചോദനമായത്.

കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിപാടിയിൽ ആരോഗ്യവകുപ്പ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് ഫാമിലി പ്ലാനിംഗ് പ്രമോഷൻ ട്രസ്റ്റ്, നെഹ്റു യുവകേന്ദ്ര, പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങൾ, മറ്റു സർക്കാർ വകുപ്പുകൾ തുടങ്ങിയവരുടെ സജീവപങ്കാളിത്തമുണ്ട്.

നാലു ജില്ലകളിലായി 61 ദിവസം നീളുന്ന പ്രചാരണ പരിപാടിയിലൂടെ എച്ച്ഐവിക്കും എയ്ഡ്സിനുമെതിരായ ശരിയായ അവബോധം ലക്ഷക്കണക്കിനാളുകളിലേക്ക് എത്തിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നതായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പ്രോജക്ട് ഡയറക്ടർ ഡോ. ഉഷ ടൈറ്റസ് അഭിപ്രായപ്പെട്ടു.

## സദാചാരബോധത്തെ തട്ടിയുണർത്തി ലൈഫ് ബസ് കാസർഗോട്ട്





**ജീ**വിതത്തിൽ അപകടരഹിതമായ പാത തെരഞ്ഞെടുക്കൂ എന്ന മുദ്രാവാക്യമുയർത്തി സദാചാരബോധത്തെ ഊട്ടിയുറപ്പിക്കുന്ന സന്ദേശങ്ങളുമായി പര്യടനത്തിനെത്തിയ ലൈഫ് ബസിന്റെ കാസർഗോഡ് ജില്ലാ യാത്ര ടൗണിൽ ആരംഭിച്ചു.

കാസർഗോഡ് പുതിയ സ്റ്റാൻഡ് പരിസരത്ത് നടത്തിയ ചടങ്ങിൽ സി.ടി. അഹമ്മദലി എംഎൽഎ പരിപാടി ഉദ്ഘാടനം ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ജോസ് ജി. ഡിക്രൂസ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ ഇൻഫർമേഷൻ ഓഫീസർ കെ. അബ്ദുറഹ്മാൻ, പാൻടെക് പ്രോജക്ട് ഡയറക്ടർ കൂത്താനം റഹ്മാൻ, ജില്ലാ യൂത്ത് കോ ഓർഡിനേറ്റർ ഗോവിന്ദറാവു നായിക്, കാസർഗോഡ് ഗവണ്മെന്റ് കോളജ് സീനിയർ ലക്ചറർ എ. ശ്രീനാഥ്, യൂത്ത് പ്രോഗ്രാം ഓഫീസർ എസ്.ബി. ബീന തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലാ ലെപ്രസി ഓഫീസർ ടി. ഗോപിനാഥൻ സ്വാഗതവും ജില്ലാ മാസ് മീഡിയ ഓഫീസർ എം. രാമചന്ദ്ര നന്ദിയും പറഞ്ഞു.

എച്ച്ഐവി അണുബാധിതയായ കണ്ണൂർ കെയ്റോസിലെ ഷാഹിന തന്റെ അനുഭവങ്ങൾ പങ്കുവച്ചു. തുടർന്ന് സന്ദേശനാടകം വഞ്ചി അരങ്ങേറി. കോഴിക്കോട് മനോരഞ്ജൻ ആർട്സിലെ കലാകാരന്മാരാണ് നാടകം അരങ്ങിലെത്തിച്ചത്. ആരോഗ്യ സംബന്ധിയായ കാര്യങ്ങളെല്ലാം സാധാരണക്കാർക്ക് എളുപ്പത്തിൽ ഉൾക്കൊള്ളാനാകും വിധമാണ് പരിപാടി ഒരുക്കിയിട്ടുള്ളത്. ഉദ്ഘാടനസദസിൽ തന്നെ മികച്ച പ്രതികരണമാണ് ലൈഫ് ബസിനു ലഭിച്ചത്. പ്രചാരണ ലഘുലേഖകളുടെ വിതരണം, എച്ച്ഐവി അണുബാധിത വ്യക്തിയുമായി ആശയവിനിമയം, ഗർഭനിരോധന ഉറയുടെ പ്രചാരണം തുടങ്ങിയവയും പരിപാടിയുടെ ഭാഗമാണ്.